# കേരളകൗമുദി

1992 ഒക്ടോബർ 17—1168 തുലാം 1 ശനി


## മെഡിക്കൽ വിദ്യാർത്ഥികളുടെ കൂട്ട തോൽവി

കോഴിക്കോട് മെഡിക്കൽ കോളേജിലെ അവസാനവർഷ എം.ബി.ബി.എസ് പരീക്ഷയെഴുതിയ വിദ്യാർത്ഥികളിൽ 30 ശതമാനം പേരേ വിജയിച്ചിട്ടുള്ളൂ. 70 ശതമാനം പേരും തോറ്റു പോയതിനെത്തുടർന്ന് വിദ്യാർത്ഥികൾ പ്രക്ഷോഭണം നടത്തിവരികയാണ്. കഴിഞ്ഞ പരീക്ഷകളിൽ 92, 88, 74 എന്നീ ക്രമത്തിലായിരുന്നു വിജയശതമാനം. ഇക്കൊല്ലത്തെ പരീക്ഷ നീതിപൂർവ്വകമായിട്ടാണ് നടന്നതെന്നാണു വാദമെങ്കിൽ മുൻ പരീക്ഷകളിൽ ക്രമക്കേടുകളുണ്ടായിരുന്നതായി സംശയമുണ്ടാകും.

ഏറ്റവും പ്രഗല്ഭരായ വിദ്യാർത്ഥികളാണ് മെഡിക്കൽ കോളേജുകളിൽ പ്രവേശനം തേടുന്നത്. കടുത്തൊരു മത്സരപ്പരീക്ഷയിൽ 98–99 ശതമാനം മാർക്കുവാങ്ങുന്നവർക്കാണ് പ്രവേശനം ലഭിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസം ലക്ഷ്യമാക്കി ഏറെക്കൊല്ലം അഹോരാത്രം തപസ്യ അനുഷ്ഠിച്ചിട്ടുള്ള ഈ വിദ്യാർത്ഥികൾ മെഡിക്കൽ കോഴ്സിനു പ്രവേശനം കിട്ടുന്നതോടുകൂടി കൂടുതൽ ഉത്സാഹത്തോടും ആത്മസംതൃപ്തിയോടും അർപ്പണമനോഭാവത്തോടുംകൂടി പഠനം നടത്തേണ്ടതാണ്. സമർത്ഥ പോകുന്ന തോൽവി നേരത്തെ മനസ്സിലാക്കി ജീവനൊടുക്കുകയാണത്രേ ഉണ്ടായത്. ദാരുണമായ ഈ സാഹചര്യം വിദ്യാർത്ഥികളുടെ അമർഷം വർദ്ധിപ്പിച്ചിട്ടുണ്ട്.

പരീക്ഷകരായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരെപ്പറ്റി വിദ്യാർത്ഥികൾക്കു സംശയമുണ്ടായിക്കൂടാത്തതും പരീക്ഷയ്ക്കു മുമ്പും പരീക്ഷ കഴിഞ്ഞും അവർക്കെതിരായി വിദ്യാർത്ഥികൾ ഉന്നതസ്ഥാനങ്ങളിൽ നിവേദനം നടത്തുകയും തെരുവിൽ പ്രകടനം നടത്തുകയും ചെയ്തുകൂടാത്തതുമാണ്. എന്നാൽ ചില പാഷാണങ്ങളുടെ ദുഷ്ടമായ പ്രവൃത്തികൾ ഇതിനൊക്കെ വഴിവയ്ക്കുകയും ആത്മാർത്ഥമായി സേവനം നടത്തുന്ന ബഹുഭൂരിപക്ഷം അദ്ധ്യാപകർക്കു മാനഹാനിയും മനഃക്ളേശവുമുണ്ടാക്കുകയും ചെയ്യുന്നു. ചില അദ്ധ്യാപകരിൽനിന്ന് സ്നേഹവും പ്രോത്സാഹനവും ലഭിക്കുന്നതിനു പകരം ദേഷ്യവും പ്രതികാരവാഞ്ഛയോടുകൂടിയ പെരുമാറ്റവുമുണ്ടായതുമൂലം മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്ത സംഭവം മുൻപും ഉണ്ടായിട്ടുണ്ട്. വ്യക്തിവിദ്വേഷമുള്ള അദ്ധ്യാപകർക്ക് വിദ്യാർത്ഥികളെ ദ്രോഹിക്കാ



# പ്രകൃതിക്ക് പക്ഷപാതം പെൺജാതിയോട്


കോന്നിയൂർ ആർ. നരേന്ദ്രനാഥ്


എന്നും പ്രകൃതി പ്രാമാണ്യവും പ്രാധാന്യവും കൊടുക്കുന്നത് പെൺജാതിക്കാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രകൃതിക്ക് പെൺജാതിയോട് പക്ഷപാതമുണ്ട്! മനുഷ്യന്റെ കാര്യം തന്നെ എടുക്കുക. സ്ത്രീകൾക്കാണ് പുരുഷന്മാരെക്കാൾ ആയുർദൈർഘ്യം!

പ്രകൃതിദത്തമായ രോഗപ്രതിരോധശക്തിയിലും പെൺജാതിക്ക് ചൈതന്യം കൂടുതലുണ്ട്. പ്രത്യുൽപ്പാദന പ്രക്രിയയിലുള്ള പങ്കിന്റെ കാര്യത്തിൽ ഇത് കൂടുതൽ പ്രകടമാണ്. പുരുഷഘടകത്തിൽ ധൂർത്തും സ്ത്രൈണഘടകത്തിൽ കഠിനമായ പിശുക്കുമാണ് ഉള്ളത്! സസ്യങ്ങളിലും ജന്തുക്കളിലും ഇത് നേരുതന്നെ. സപുഷ്പ സസ്യങ്ങൾ പുറപ്പെടുവിക്കുന്ന പുരുഷാംശമായ പൂമ്പൊടിക്ക് ഒരു നിയന്ത്രണമില്ല. സ്ത്രൈണാംശമായ അണ്ഡകോശങ്ങളുടെ എണ്ണം നിജപ്പെടുത്തിയിരിക്കുന്നു. സംരക്ഷണം അതിവിപുലവുമാണ്. ഒരു അണ്ഡം പുരുഷാംശവുമായി കലർന്ന് സിക്താണ്ഡമാകുന്നതാണ് പുതിയ തലമുറയുടെ തുടക്കം. ഈ പ്രക്രിയയിൽ ഒരൊറ്റ അണ്ഡവും ഒരൊറ്റ പൂമ്പൊടിയുമേ ആവശ്യമുള്ളൂ. പക്ഷേ, കോടാനുകോടിയിൽ പുറത്തുവിടുന്ന പൂമ്പൊടിക്ക് കണക്കില്ല. എന്നാൽ, ഒന്നൊഴിച്ച് മറ്റെല്ലാം നശിക്കും; നഷ്ടപ്പെടും!

ജന്തുക്കളുടെ കഥയും പറയുന്നത് ഇതുതന്നെ. ഒരു അണ്ഡകോശത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി വരുന്നത് ഒരേയൊരു ശുക്ലാണുമാത്രം. എന്നാൽ, കോടാനുകോടി ശുക്ലാണുക്കളാണ് ഒരു തവണ പുറപ്പെടുവിക്കുന്ന പുരുഷ ശുക്ലത്തിലുള്ളത്. അവയിൽ ഒന്നൊഴിച്ച് മറ്റെല്ലാം നശിക്കുകയേയുള്ളൂ!

ഇങ്ങനെ പറയാൻ തുടങ്ങിയാൽ, പ്രകൃതി പെണ്ണിനോട് പ്രകടിപ്പിക്കുന്ന പക്ഷപാതത്തിന് എത്രയോ ഉദാഹരണങ്ങളാണ് പറയാറുള്ളത്! പട്ടിക നീട്ടാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. എന്നാലും രസകരങ്ങളായ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാതിരിക്കാൻ മനസ്സ് അനുവദിക്കുന്നില്ല.

പുരുഷാംശം ഇല്ലാതെ തന്നെ സേകം (Fertilization) സാധിക്കാൻ, അണ്ഡത്തിന് വൈഭവമുള്ള ജീവികളും സസ്യങ്ങളും എത്രയോ ഉണ്ട്! അലിംഗ പ്രജനനം എന്നാണ് ഈ പ്രക്രിയയ്ക്ക് പറയാറുള്ള പേര്.

മറ്റൊന്നാണ് കായികജനനം (Vegitative Reproduction). തടിയോ ഇലയോ വേരോ മുറിച്ചു നട്ടാൽ പുതിയ ചെടിയായി വളരുന്ന എത്രയെത്ര ചെടികളാണ് ഉള്ളത്. ഇവിടെ ആണിന് സ്ഥാനമെവിടെ?

അലിംഗപ്രജനനം (Parthenogenesis) സാധാരണ സ്വഭാവമാക്കിയിട്ടുള്ള പ്രാണികൾ ധാരാളമുണ്ട്; പ്രത്യേകിച്ച് ഷട്പദങ്ങളിൽ. സ്ത്രൈണാംശമായ അണ്ഡത്തിന്, പുരുഷാംശത്തിന്റെ പങ്കാളിത്തമില്ലാതെ സേകം സാധിക്കാം! പുതിയ തലമുറയെ ഉല്പാദിപ്പിക്കാം!

ചുള്ളിപ്പൂച്ചികൾ (Stick insects) ഇല്ലാത്ത ഭൂമദ്ധ്യരേഖാപ്രദേശങ്ങളില്ല. മറ്റു മേഖലകളിലും അവ കുറഞ്ഞ തോതിലാണെങ്കിലും ഉണ്ട്. പച്ചിലകളുടെയിടയിൽ ചുള്ളികളെറെയുള്ള ശിഖരങ്ങളിൽ ഒതുങ്ങി ഒളിഞ്ഞാണ് വാസം. വളരെ ശ്രദ്ധിച്ചു നോക്കിയില്ലെങ്കിൽ, ഏതോ ചുള്ളിയാണെന്നേ, അതിരിക്കുന്നത് കണ്ടാൽ, തോന്നൂ! ശത്രുക്കളുടെ ശ്രദ്ധയിൽ വരാതെ, ആത്മരക്ഷ ഉറപ്പാക്കാനാണ് ഈ അവസ്ഥാവിശേഷം അധികവുമുതകുന്നത്.

ചുള്ളിപ്പൂച്ചിയുടെ പ്രത്യുൽപ്പാദന പദ്ധതികൾക്ക് പല സവിശേഷതകളുണ്ട്. അടുത്ത കാലംവരെ വളരെ കുറച്ചു മാത്രമേ ഇവയെക്കുറിച്ച് നിരീക്ഷകന്മാർക്ക് മനസ്സിലാക്കാൻ സാധിച്ചിരുന്നുള്ളൂ. ഇത് സംബന്ധിച്ച രസകരങ്ങളായ ചില കാര്യങ്ങൾ "നേച്ചർ" എന്ന ശാസ്ത്രവാരികയിൽ ഈയിടെ പ്രസിദ്ധീകരിച്ചിരുന്നു (വാല്യം 357 ലക്കം 6378).

പ്രാണി നിരീക്ഷകർക്ക് കൗതുകമുള്ളവയാണ് ഇവയെല്ലാം. പകൽ വേളകളിൽ കൂടുതലും അനങ്ങാതെ കഴിയുന്ന ചുള്ളിപ്പൂച്ചി, വെളിച്ചം മങ്ങിയാൽ കർമ്മക്ഷമമാകുന്നു. സാവധാനമാണ് സഞ്ചാരം. അത് ഇര തേടാൻമാത്രം! പിന്നെ ഇണ ചേരാനും! കൂട്ടുചേർന്ന് ജീവിക്കുന്ന പതിവ് അത്യപൂർവ്വം തന്നെ.

പ്രത്യുൽപ്പാദന സവിശേഷതകളിൽ ചിലത് ഇനി പറയട്ടെ. സ്ത്രൈണാംശമായ അണ്ഡത്തിന് പുരുഷാംശമായ ശുക്ലാണുവരുളുന്ന ഉത്തേജനവും പങ്കുമില്ലാതെ പുതിയ തലമുറയായി രൂപം പ്രാപിക്കാനൊക്കും. അതിനെക്കാൾ അദ്ഭുതമുള്ള മറ്റൊരു കാര്യവുമുണ്ട്. സാധാരണ രീതിയിൽ ആണും പെണ്ണും ഘടകങ്ങൾ—അതായത് ശുക്ലാണുവും അണ്ഡവും—ഒന്നിച്ച് സേകം കഴിയും. എന്നാൽ, അതിനുശേഷം ആൺഘടകമായ ശുക്ലാണുവിലുള്ള പ്രോന്യൂക്ലിയസിനെ തള്ളിക്കളയുന്ന ഒരു ഏർപ്പാട് സ്വീകരിക്കാറുണ്ട്. ഈ സവിശേഷ രീതിക്ക്, ഇംഗ്ലീഷിൽ ഗൈനോജനിസിസ് (Gynogenesis) എന്നാണ് പറയാറുള്ളത്.

പുരുഷഘടകത്തെമാത്രം ആശ്രയിച്ചുള്ള വർഗ്ഗവർദ്ധന വിദ്യയുമുണ്ട്. ഇവിടെ സ്ത്രൈണാംശത്തിന് പങ്കൊന്നുമില്ല! ഇത് സസ്യങ്ങളിൽ മാത്രമേ ഇതുവരെ നിരീക്ഷിച്ചിട്ടുള്ളൂ. ആൻഡ്രോജനിസിസ്—എന്ന ഈ പ്രക്രിയ അത്യപൂർവ്വം തന്നെ ജീവികളിൽ. ഇതും മറ്റു ചില അപ്രതീക്ഷിതമായ പ്രത്യുൽപ്പാദനമാർഗ്ഗങ്ങളും ചുള്ളിപ്പൂച്ചിയിനങ്ങളിൽ കണ്ടിരിക്കും.

എത്രയും എളിമയോടെ പുലരുന്ന ചുള്ളിപ്പൂച്ചിയെ പഠിക്കുമ്പോൾ അത്യദ്ഭുതത്തിന്റെ പുതിയ ചക്രവാളങ്ങളാണ് കാണാറാകുന്നത്. പ്രാണി നിരീക്ഷണംകൊണ്ട് സിദ്ധിക്കുന്ന അദ്ഭുതവും ആനന്ദവും അനുഭവിച്ച് സ്വയമറിഞ്ഞാലേ അതിന്റെ ആഴം എത്രയെന്ന് ബോദ്ധ്യമാകൂ!

### പുരുഷന്മാർക്കുമാത്രം ഒരു രഹസ്യമിതാ!

സി ജീവകത്തിന് അസാധാരണമായ ചില സിദ്ധിവിശേഷങ്ങളുണ്ടെന്ന് ശാസ്ത്ര ഗവേഷകന്മാർ പറയാൻ തുടങ്ങിയിട്ട് കാലം വളരെയായി. രണ്ടുതവണ നോബൽ സമ്മാനം നേടിയ ലീനസ് പോളിംഗ് ആണ് അതിന്റെ ഏറ്റവും വലിയ ആരാധകനും പ്രൊമോട്ടറും!

ഇവിടെ പറയുന്ന കാര്യം അദ്ദേഹത്തിന്റെ ആശീർവാദം അനുഭവിച്ചു വന്നിട്ടുള്ളതല്ല. പക്ഷേ, അതുപോലെ, ആധികാരികത്വം അതിന് ഉണ്ട്. സി ജീവകം ശുക്ലാണുക്കളിലെ പാരമ്പര്യവാഹക രാസവസ്തുവായ ഡി.എൻ.എ.യെ സംരക്ഷിക്കാൻ വളരെ ഉതകുന്നു. അതിലൂടെ അടുത്ത തലമുറയിലേക്ക് വ്യാപിച്ചേക്കാവുന്ന കുഴപ്പങ്ങൾ ഒരു പരിധിവരെ പരിഹരിക്കും. ശുക്ലാണുക്കളുടെ ചലനശേഷി ഉത്തേജിപ്പിക്കാൻ ഉതകുന്ന ജൈവ തന്മാത്രകളെ സംരക്ഷിക്കാനും അത് സഹായിക്കും! കോശങ്ങളുടെ സുസ്ഥിതി പരിപാലിക്കാൻ സി ജീവകത്തിനുള്ള സവിശേഷശേഷി പണ്ടുമുതൽ അംഗീകരിച്ചിട്ടുമുണ്ട്.

മുകളിൽ സൂചിപ്പിച്ച വിവരങ്ങളുടെ കണ്ടുപിടിത്തത്തിന് വഴിതെളിച്ച ശാസ്ത്ര ഗവേഷണ സംഘത്തിലെ ഒരാളായ ബ്രൂസ് അമിസ് (Bruce Amis of University of California) പറയുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. നമ്മുടെ ശരീരകോശത്തിന് ഓരോന്നിനും ദിനംപ്രതി കുറഞ്ഞത് 10,000 ഓക്സീകരണ (Oxidising) പ്രതിപ്രവർത്തനങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. ഈ വിധത്തിലുള്ള അവസ്ഥാവിശേഷം ശുക്ലാണുവിലും മറ്റുമുള്ള ഡി.എൻ.എ.യ്ക്ക് കേടുപാടുണ്ടാക്കാൻ സാദ്ധ്യതയുള്ളവ തന്നെ. ഇതുമൂലം ജനിതകപ്പിഴകൾ വന്നു ഭവിക്കാം. ജനിതക വൈകല്യങ്ങൾ അധികവും സംഭവിക്കുന്നത് പുരുഷാംശമായ ശുക്ലാണുവിലെ ഇത്തരം കേടുപാടുകളിലൂടെയാണ്. ഇതൊഴിവാക്കാൻ അതിനുള്ളിൽ സജീവരിക്കുന്നത് അസ്കോർബിക് ആസിഡ് അതായത് സി ജീവക അംശമാണ് മുകളിൽ സൂചിപ്പിച്ച ഓക്സീകരണ രാസപ്രതിപ്രവർത്തനങ്ങളെ പ്രതിരോധിക്കാനാണിത്. അതുകൊണ്ട് പുരുഷന്മാർ ധാരാളം സി ജീവകം കഴിക്കുന്നത് അവർക്കും അവരുടെ പരമ്പരകൾക്കും ഗുണം ചെയ്യും!

സി ജീവകമാത്രയുടെ കുറഞ്ഞ പരിധിയെന്തായിരിക്കണം? ഐക്യനാടുകളിലെ ആരോഗ്യവകുപ്പു ശുപാർശ ചെയ്യുന്നത് ദിവസംപ്രതി അറുപതു മില്ലിഗ്രാമാണ്. എന്നാൽ, ശുക്ലാരോഗ്യ സംരക്ഷണത്തിന് സഹായകമാകാൻ ഒരു പുരുഷൻ കുറഞ്ഞത് ഇരുന്നൂറ്റിയൻപത് മില്ലിഗ്രാമെങ്കിലും ആഹരിക്കേണ്ടതാണ് എന്നാത്രേ ഗവേഷക സംഘത്തിന്റെ ശുപാർശ. ധാരാളം നാരങ്ങാനീരോ നെല്ലിക്കയോ മധുരനാരങ്ങയോ കഴിക്കാൻ പുരുഷന്മാർ ജാഗ്രത പാലിക്കുക!

> ചുള്ളിപ്പൂച്ചിയെ പഠിക്കുമ്പോൾ അത്യദ്ഭുതത്തിന്റെ പുതിയ ചക്രവാളങ്ങളാണ് കാണാറാകുന്നത്. പ്രാണി നിരീക്ഷണംകൊണ്ട് സിദ്ധിക്കുന്ന അദ്ഭുതവും ആനന്ദവും അനുഭവിച്ച് സ്വയമറിഞ്ഞാലേ, അതിന്റെ ആഴം എത്രയെന്ന് ബോദ്ധ്യമാകൂ.

### ഭ്രൂണത്തെക്കുറിച്ച് ഒരു കേസ്സുവിധി

ശാസ്ത്രബന്ധിയായ മാനുഷിക പ്രശ്നമടങ്ങിയ ഒരു കേസ്സിൽ, അമേരിക്കൻ ഐക്യനാടുകളിൽ ഒരു സുപ്രധാനമായ വിധി വന്നത് സംബന്ധിച്ച് ഒരു കുറിപ്പു കാണുകയുണ്ടായി. "നേച്ചർ" എന്ന ആധികാരിക ശാസ്ത്ര വാരികയിലാണിത് പ്രകാശനം ചെയ്തിരുന്നത്.

പ്രകൃത്യായുള്ള ചില പരാധീനതകളാൽ ഉല്പാദന സാദ്ധ്യതയ്ക്ക് തടസ്സം നേരിട്ടിട്ടുള്ള ദമ്പതിമാർക്ക് സന്താനസൗഭാഗ്യം സിദ്ധിക്കാൻ ശാസ്ത്രജ്ഞൻ ഒരുക്കുന്ന വഴിയാണ് ടെസ്റ്റ് ട്യൂബ് ശിശുലബ്ധി. ഇതിന്റെ ആദ്യപടി, സ്ത്രൈണാംശമായ അണ്ഡകോശവും പുരുഷാംശമായ ശുക്ലാണുവും ഗർഭപാത്രത്തിന് പുറത്ത്, ശാസ്ത്രജ്ഞന്റെ ബോധപൂർവ്വമുള്ള പദ്ധതിയനുസരിച്ച് ഒന്നിക്കാനുള്ള സൗകര്യം വരുത്തുകയാണ്. ഈ കോശങ്ങളുടെ സങ്കലനം സാധിക്കുമ്പോൾ അത് സിക്താണ്ഡമായി (Fertilized egg.) തീരുന്നു.

അടുത്ത സംഭവം സിക്താണ്ഡത്തിന്റെ വിഭജന പ്രക്രിയയിലൂടെയുള്ള വളർച്ചയാണ്. ആദ്യം സിക്താണ്ഡം രണ്ടാകും. പിന്നെ അവ നാലാകും. നാല് എട്ടായി വിഭജിച്ച് വളരും—അങ്ങനെ കോശവിഭജനം അനുക്രമമായി നടന്ന് രൂപഭേദങ്ങൾ സ്വീകരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച കോശങ്ങൾ രണ്ടു തരത്തിൽ വേർതിരിയാൻ വലിയ അമാന്തമില്ല— ബാഹ്യകോശങ്ങളും ആന്തരകോശങ്ങളും. ഇതിൽ ബാഹ്യകോശങ്ങളാണ് സിക്താണ്ഡത്തെ—ഭ്രൂണത്തെ—ഗർഭപാത്ര ഭിത്തിയിലൊരിടത്ത് വേരുറയ്ക്കാൻ തുണയ്ക്കുന്നവ. ഇങ്ങനെ രണ്ടിനം കോശങ്ങൾ മാത്രമുള്ള അവസ്ഥയിൽ സിക്താണ്ഡത്തിന് പ്രജയെന്ന രീതിയിലുള്ള ഭാവങ്ങളൊന്നുമില്ല—ഇതാണ് പുതിയ കേസ്സിന്റെ വിധിയുടെ സാരം.

ഇതിനുമുമ്പ് കോടതികൾ അംഗീകരിച്ചിട്ടുള്ള നിയമ സംബന്ധമായ നിലപാട് ഇങ്ങനെയായിരുന്നില്ല. അണ്ഡവും ശുക്ലവും ഒന്നിച്ച് സേകം (Fertilization) പൂർത്തിയായി രൂപമെടുക്കുന്ന സിക്താണ്ഡമുണ്ടാകുമ്പോൾ, പുതിയ തലമുറ ആവിർഭവിക്കുന്നു എന്നായിരുന്നു. ഈ നിലപാട് പുതിയ അപ്പീൽ കേസ് നിരാകരിച്ചിരിക്കുന്നു. സിക്താണ്ഡത്തിന്റെ പ്രാഥമിക കോശവിഭജനകാലത്തെ, വ്യക്തിത്വം വന്ന ഭ്രൂണമായി—പ്രജയായി—സ്വീകരിക്കുന്നില്ല. പ്രത്യേകിച്ചും എട്ടുകോശങ്ങളായി ഭവിച്ച ഘട്ടത്തെ—ഇതിനെ Blastomere എന്നാണ് ഇംഗ്ലീഷിൽ വിവക്ഷിക്കുന്നത്.

മനുഷ്യ വ്യക്തിത്വത്തിലേക്ക് കടക്കാൻ ശക്യതയുള്ള ഘട്ടം, അപ്പോൾ ഇല്ലെന്നാണ് കോടതിയുടെ വിധി. പ്രത്യുൽപ്പാദനശേഷിയില്ലാത്ത ദമ്പതിമാർക്കും മറ്റും സംഭാവന ചെയ്യാൻ സംഭരിച്ചുവയ്ക്കുന്ന സിക്താണ്ഡം മിക്കവാറും ഈ അവസ്ഥയുള്ളതായിരിക്കും. ശീതീകരിച്ചു ദ്രാവകപ്രായമാക്കിയ നൈട്രജൻ ഉപയോഗപ്പെടുത്തിയിട്ടുള്ള ശീതീകരണികളിൽ ഇപ്രകാരം ഭ്രൂണങ്ങൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങൾ ഐക്യനാടുകളിൽ ധാരാളമുണ്ട്. ഭ്രൂണ ബാങ്കുകളെന്നാണ് അവയുടെ പേര്. ആവശ്യക്കാരായ ദമ്പതിമാർക്ക് സന്താനസൗഭാഗ്യം സാധിക്കാൻ ഇവ കൊടുക്കുന്നു. തങ്ങളുടെ അണ്ഡ—ശുക്ല കോശങ്ങൾ, ദമ്പതിമാർക്ക് സ്വയം ഉപയോഗപ്പെടുത്തി സന്താനങ്ങളെ സമ്പാദിക്കാനാവുകയില്ലെങ്കിൽ, അന്യയായ ഒരു അമ്മയാകാൻ കഴിവുള്ള വനിതയുടെ ഗർഭപാത്രം വാടകയ്ക്കെടുത്ത് ഭ്രൂണമതിൽ നിക്ഷേപിച്ച് വളർത്തി സന്താനങ്ങളാക്കി വളർത്തിയെടുക്കുകയും ചെയ്യാം!

ഇങ്ങനെയുള്ള ഒരു ദമ്പതിമാരുടെ അവസ്ഥയാണ് കേസ്സിന് ആധാരമായത്. ഡേവിസും മേരിസുയും ദമ്പതിമാരായിരുന്നു. ഒറ്റ കുടുംബമായിക്കഴിഞ്ഞിരുന്നവർ. അക്കാലത്ത് പരസ്പര ധാരണയും സ്നേഹവും അവരെ ബന്ധിപ്പിച്ചിരുന്നു. തങ്ങളുടെ അണ്ഡവും ശുക്ലവും കൊണ്ട് സിക്താണ്ഡങ്ങളാക്കിയ ഭ്രൂണങ്ങൾ ഏഴെണ്ണം ഭ്രൂണബാങ്കിൽ സംഭരിച്ചുവച്ചു. ആവശ്യമെന്നു തോന്നിയാൽ തങ്ങൾക്ക് തന്നെ സന്താനങ്ങളായിത്തീർക്കാനോ അല്ലെങ്കിൽ അത്യാവശ്യക്കാർക്ക് കൊടുക്കാനോ ആണ് അപ്രകാരം ചെയ്തത്.

എന്നാൽ, ആ ദമ്പതികൾ താമസിയാതെ വിവാഹബന്ധം അവസാനിപ്പിച്ച് പിരിഞ്ഞു. അതിനുശേഷം മേരിസുയ സംഭരിച്ചു സൂക്ഷിച്ചിരുന്ന ഏഴു ഭ്രൂണങ്ങളിലൊന്ന് വേറൊരു ആവശ്യക്കാരിക്ക് കൊടുത്തു. എന്നാൽ, തന്റെ ശുക്ലം കൂടി കലർന്നുണ്ടായ ഭ്രൂണം, അപ്രകാരമൊരാൾക്ക് കൊടുക്കാൻ ഡേവിസ് അനുമതി കൊടുത്തില്ല. ഏതോ ഒരു വനിതയുടെ ഗർഭത്തിൽ വളർന്നുണ്ടാകുന്ന സന്താനത്തിന്റെ അജ്ഞാത പിതാവാകാൻ അയാൾ തയ്യാറായില്ല. തർക്കമായി. കേസ്സായി. സുപ്രീംകോടതിവരെ കാര്യമെത്തി. ടെന്നസി സുപ്രീംകോടതി വിധിയും നൽകി. അതാണ് മുകളിൽ പറഞ്ഞത്!